# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 10 (ANNUALEXAM 2025)

**1) യിസ്രായേലിലെ രണ്ടാമത്തെ രാജാവ്?**
**A) ദാവീദ്**
B) ശൗൽ
C) ശമുവേൽ
D) ശലോമോൻ

**2) ആദിയും അന്തവും എന്തെന്നു പരാമർശമില്ലാതെ വേദപുസ്തകത്തിൽ പറയുന്ന പുരോഹിതൻ?**
**A) മല്കീസദേക്ക്**
B) സാദോക്ക്
C) ആദാം
D) അഹറോൻ

**3) താഴെ പറയുന്നവയിൽ യെഹൂദന്മാരുടെ അകാനോനിക പെരുന്നാൾ ഏത്?**
**A) പ്രതിഷ്ഠാപെരുന്നാൾ**
B) പെന്തിക്കോസ്തി പെരുന്നാൾ
C) കൂടാരപ്പെരുന്നാൾ
D) പെസഹാ പെരുന്നാൾ

**4) മക്കദോന്യക്കാരനായ ഫിലിപ്പോസിന്റെ മകൻ?**
**A) അലക്സാണ്ടർ**
B) ടോളമി
C) അന്ത്യോക്കസ്
D) നഥാനിയേൽ

**5) മോശയുടെ പിൻഗാമി?**
**A) യോശുവ**
B) ശമുവേൽ
C) ഗിദയോൻ
D) ഏലിശാ

**6) റോമാലേഖനം പൗലോസിൽനിന്നും കേട്ട് എഴുതിയ ആൾ?**
**A) തെർത്തോസ്**
B) ഫേബാ
C) തിഹിക്കോസ്
D) ഫിലേമോൻ

**7) സഭയുടെ പ്രതീകമായി വി. പൗലോസ്, ദൈവത്തിന്റെ മന്ദിരം, ക്രിസ്തുവിന്റെ മണവാട്ടി എന്നീ പ്രതിരൂപങ്ങൾക്കു പുറമേ ഒന്നുകൂടി പറയുന്നു. ഏതാണത്?**
**A) ക്രിസ്തുവിന്റെ ശരീരം.**
B) ശരീരത്തിന്റെ അവയവങ്ങൾ.
C) പരിശുദ്ധാത്മാവ്
D) അപ്പൊസ്തോലികം

**8) പ്രത്യാശയുടെ ലേഖനം ഏത്?**

**A) പത്രോസിന്റെ ഒന്നാം ലേഖനം.**
B) പത്രോസിന്റെ രണ്ടാം ലേഖനം.
C) യോഹന്നാന്റെ ഒന്നാം ലേഖനം.
D) യോഹന്നാന്റെ രണ്ടാം ലേഖനം.

**9) യോഹന്നാൻ സ്വന്ത നാമം വെളിപ്പെടുത്തി എഴുതിയ പുസ്തകം?**
**A) വെളിപ്പാട്**
B) 1 യോഹന്നാൻ
C) 2 യോഹന്നാൻ
D) യോഹന്നാന്റെ സുവിശേഷം

**10) പഴയനിയമത്തിൽ 39 പുസ്തകങ്ങൾ എന്നു ജാമ്നിയ കൗൺസിൽ നിശ്ചയിക്കുവാനുള്ള കാരണം?**
**A) ക്രിസ്തീയ സഭയുടെ മുന്നേറ്റം തടയുവാൻ.**
B) മറ്റു പുസ്തകങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ.
C) 72 പണ്ഡിതന്മാരോടു വിയോജിപ്പ് ഉള്ളതിനാൽ.
D) അച്ചടിയുടെ സൗകര്യത്തിന്.

**11) ശ്രോപ്പേന്മാരുടെ സ്തുതിപ്പിനെക്കുറിച്ചു പറയുന്ന പ്രവാചകൻ?**
**A) യശയ്യാ**
B) യെഹസ്കേൽ
C) യിരമ്യാവ്
D) മലാഖി

**12) ദുഃഖവെള്ളിയാഴ്ചത്തെ ഒന്നാം പ്രദക്ഷിണം ഏതു സംഭവമാണ് സൂരിക്കുന്നത്?**
**A) കർത്താവ് കുരിശുവഹിച്ച് ഗോഗുൽത്തായിലേക്കു നടന്നുപോയതിനെ സൂചിപ്പിക്കുന്നു.**
B) ക◌ർത്താവിന്റെ മൃതശരീരം അടക്കുവാൻ കൊണ്ടുപോയതു സൂചിപ്പിക്കുന്നു.
C) ഗത്◌ശമെൻ തോട്ടത്തിൽനിന്നും പിടിച്ചുകൊണ്ടുപോയതിനെ സൂചിപ്പിക്കുന്നു.
D) കർത്താവിനെ ക്രൂശിക്കുക എന്ന് അട്ടഹസിച്ചു പറഞ്ഞ ജനത്തെ സൂചിപ്പിക്കുന്നു.

**13) ഹാശാ ആഴ്ചയിലെ കുർബാനയുടെ പ്രത്യേകത അല്ലാത്തത്?**
**A) കർതൃപ്രാർത്ഥന ചൊല്ലുകയില്ല.**
B) കൃപനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഇല്ല.
C) പ്രത്യേക കൗമാകൾ ഉപയോഗിക്കുന്നു.
D) കൈകസ്തൂരി നൽകുന്നില്ല.

**14) 'കർണത്താലവനെ കൈക്കൊണ്ടുദരേ പേറി' ആര്?**
**A) മറിയം**
B) എലിസബേത്
C) സാറാ
D) ഹാഗാർ

**15) 'നൃപപട്ടണമാം റോമയിൽനിന്നേറുശലേമാർന്നു' ആര്/എന്ത്?**
**A) ഹേലനിരാജ്ഞി**
B) കുസ്തന്തീനോസ് ചക്രവർത്തി
C) യേശുക്രിസ്തു
D) സ്ലീബാ

**16) നവീകരണപ്രസ്ഥാനത്തിന്റെ ജന്മമുഹൂർത്തം?**
**A) 1517 ഒക്ടോബർ 31**
B) 1912 സെപ്റ്റംബർ 15

C) 1889 ജൂലൈ 29
D) 1836 ജനുവരി 16

**17) പ. പരുമല തിരുമേനി തുടക്കമിട്ട സുവിശേഷവത്കരണം തുടർന്നു കൊണ്ടുപോയ മെത്രാപ്പോലീത്ത?**
A) ഇവിടെ പറയുന്നവർ എല്ലാം.
B) പത്രോസ് മാർ ഒസ്താത്തിയോസ്
C) സ്തേഫാനോസ് മാർ തേവോദോസിയോസ്
D) ഗീവർഗീസ് മാർ ഒസ്താത്തിയോസ്

**18) മലങ്കര സഭ ആദ്യമായി പാത്രിയർക്കീസിനോടു വിധേയത്വം പ്രഖ്യാപിച്ച സുന്നഹദോസ്?**
A) മുളന്തുരുത്തി സുന്നഹദോസ്
B) ഉദയംപേരൂർ സുന്നഹദോസ്
C) മാവേലിക്കര സുന്നഹദോസ്
D) അങ്ങനെ ഒരു സുന്നഹദോസ് ഇല്ല

**19) മലങ്കര സഭയെ ഭദ്രാസനങ്ങളായി വിഭജിച്ച യോഗം?**
A) മുളന്തുരുത്തി സുന്നഹദോസ്
B) ഉദയംപേരൂർ സുന്നഹദോസ്
C) മാവേലിക്കര പടിയോല
D) കൊച്ചി പഞ്ചായത്ത്

**20) മലങ്കരയിലെ കാതോലിക്കാസ്ഥാപനത്തിന്റെ അടിയന്തിര കാരണം?**
A) പ.വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക്.
B) അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ നാടുകടത്തൽ.
C) അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ ആഗമനം.
D) പേർഷ്യയിലെ കാതോലിക്കേറ്റിന്റെ പതനം.

**21) 'സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റെയും വിവേകമുള്ള വായും തൂണും മല്പാനും' ആര്?**
A) മാർ സേവേറിയോസ്
B) മാർ കൂറീലോസ്
C) മാർ അത്താനാസിയോസ്
D) മാർ ബസേലിയോസ്

**22) 'എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു'. ഇതിൽ ഏതു കർമ്മമാണ് 'അൻപുടയോനേ' എന്ന ഗീതം പാടുന്ന സമയത്തു നടക്കുന്നത്?**
A) മുറിച്ചു
B) എടുത്തു
C) വാഴ്ത്തി
D) കൊടുത്തു.

**23) വി. ത്രിത്വം ആദ്യമായി വെളിപ്പെട്ടത് എപ്പോൾ?**
A) കർത്താവിന്റെ മാമോദീസായിൽ.
B) യശയ്യാപ്രവാചകന്റെ ദർശനത്തിൽ.
C) കർത്താവിന്റെ ശവസംസ്കാര സമയത്ത്.
D) മറുരൂപമലയിൽ.

**24) വെളിപ്പാടു പുസ്തകത്തിൽ വി. യോഹന്നാൻ ക്രിസ്തുവിനെ ദർശിച്ചത് ഏതു വേഷത്തിലാണ്?**
A) മഹാപുരോഹിതന്റെ
B) മനുഷ്യാവതാര വേഷത്തിൽ.

C) രൂപമില്ലാത്തവനായി.
D) പ്രവാചക വേഷത്തിൽ.

**25) പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ വേദശാസ്ത്രപഠനത്തിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ചത് എവിടെയാണെന്നാണ് അദ്ദേഹം പറയുന്നത്?**
**<u>A) അമ്മയിൽനിന്ന്</u>**
B) എത്യോപ്യയിൽനിന്ന്
C) ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന്
D) ആലുവാ ഫെലോഷിപ്പ് ഹൗസിൽവച്ച്.

**26) ക്രൈസ്തവസഭയിലെ ആദ്യത്തെ പിളർപ്പിനു കാരണമായ സുന്നഹദോസ്?**
**<u>A) കൽക്കദോൻ സുന്നഹദോസ്</u>**
B) എഫേസൂസ് സുന്നഹദോസ്
C) ട്രെൻ്റാ സുന്നഹദോസ്
D) കുസ്തന്തീനോസ് പോലീസ് സുന്നഹദോസ്.

**27) ''.............. സകലവിധ ദോഷത്തിനും മൂലമല്ലോ'' വാക്യം പൂരിപ്പിക്കുക.**
<u>A) ദ്രവ്യാഗ്രഹം</u>
B) അലസത
C) പിശാചിന്റെ പരീക്ഷ
D) അസഹിഷ്ണുത

**28) 'സദൃശ്യവാക്യങ്ങൾ' എഴുതിയത് ആര്?**
**<u>A) ശലോമോൻ</u>**
B) ദാവീദ്
C) ദാനിയേൽ
D) കോരഹ്പുത്രന്മാർ

**29) 'തെരഞ്ഞെടുക്കപ്പെട്ട പാത്രം' എന്നു സ്വയം വിശേഷിപ്പിച്ച ആൾ?**
**<u>A) പൗലോസ് ശ്ലീഹാ</u>**
B) പത്രോസ് ശ്ലീഹാ
C) യാക്കോബ് ശ്ലീഹാ
D) കന്യകമറിയം

**30) താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന ഏത്?**
**<u>A) മോശയെ ദൈവം വിളിച്ചപ്പോൾ ഒരു മടിയും പറയാതെ വിളി ഏറ്റെടുത്തു.</u>**
B) അബ്രഹാമിനെ ഒരു വലിയ ജനതയുടെ പിതൃസ്ഥാനത്തേക്ക് വിളിച്ചപ്പോൾ അതു വിനയപൂർവ്വം സ്വീകരിച്ചു.
C) ബാലനായ ശമുവേലിനെ രാത്രിയിൽ വിളിച്ചുണർത്തി സമകാലീന നന്മതിന്മകളെക്കുറിച്ച് അറിയിച്ചു.
D) പൗലോസ് അപ്പൊസ്തോലനെ വളരെ നാടകീയമായി യാത്രാമധ്യേ ആണു വിളിച്ചത്.

**31) പ.പരുമല തിരുമേനിയുടെ ആദർശപുരുഷൻ?**
<u>A) വി. അന്തോനിയോസ്</u>
B) വി. പക്കോമിയോസ്
C) അബ്ദേദ് മശിഹാ പാത്രിയർക്കീസ്
D) കോനാട്ട് മല്പാൻ

**32) 'ഊർശ്ലേം യാത്രാവിവരണം' രചിച്ചത് ആര്?**

A) പ.പരുമല തിരുമേനി
B) ശാമുവേൽ ചന്ദനപ്പള്ളി
C) പ.വട്ടശ്ശേരിൽ തിരുമേനി
D) ഫാ. വി.സി. ശാമുവേൽ

**33) പ.പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ച കാതോലിക്കാ ബാവ?**
A) പ. ഗീവർഗീസ് ദ്വിതീയൻ ബാവ
B) പ. ഗീവർഗീസ് പ്രഥമൻ ബാവ
C) പ. ഔഗേൻ ബാവ
D) പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവ

**34) പ. വട്ടശ്ശേരിൽ തിരുമേനിയെ മെത്രാപ്പോലിത്താ ആയി വാഴിച്ചത് ആര്?**
A) അബ്ദുള്ളാ പാത്രിയർക്കീസ് ബാവ
B) അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവ
C) ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ
D) യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസ് ബാവ

**35) റോയൽ കോടതി വിധിയോടെ ഉടലെടുത്ത സഭ?**
A) മാർത്തോമാ സഭ
B) മലങ്കര കത്തോലിക്കാ സഭ
C) യാക്കോബായ സഭ
D) തൊഴിയൂർ സഭ

**36) 1912 ൽ കാതോലിക്കാ ആയി വാഴിക്കപ്പെട്ട ആൾ?**
A) പ.ബസേലിയോസ് പൗലോസ് പ്രഥമൻ
B) പ.ബസേലിയോസ് ഗീവർഗീസ് പ്രഥമൻ
C) പ.ബസേലിയോസ് ഔഗേൻ പ്രഥമൻ
D) പ.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ

**37) 'മതോപദേശസാരങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?**
A) പ.വട്ടശ്ശേരിൽ തിരുമേനി
B) പ.പരുമല തിരുമേനി
C) സാമുവേൽ ചന്ദനപ്പള്ളി
D) മഹാത്മാഗാന്ധി

**38) 'My life is my message' എന്നു പറഞ്ഞത് ആര്?**
A) മഹാത്മാഗാന്ധി
B) പ. വട്ടശ്ശേരിൽ തിരുമേനി
C) പ. പരുമല തിരുമേനി
D) വി. അന്തോനിയോസ്

**39) ചുവടെ പറയുന്ന തീയതികളിൽ പ.വട്ടശ്ശേരിൽ തിരുമേനിയുമായി ബന്ധമില്ലാത്ത തീയതി തെരഞ്ഞെടുക്കുക.**
A) 1858 ഒക്ടോബർ 16
B) 2003 ഫെബ്രുവരി 24
C) 1934 ഫെബ്രുവരി 23
D) 1908 മെയ് 31

**40) പ.വട്ടശ്ശേരിൽ തിരുമേനിയുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?**
A) സഭാഭരണഘടന പാസാക്കി.
B) പുത്തൻകാവിൽ കൊച്ചുതിരുമേനിയെ മെത്രാനായി വാഴിച്ചു.
C) പ. പരുമല തിരുമേനിയുടെ ശിഷ്യനായിരുന്നു.

D) സമർത്ഥനായ ഒരു ശിഷ്യൻ റോമാസഭയിലേക്കു പോയി.

**41) ''മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു.'' ഏതു കാര്യത്തിൽ?**

**A) ദശാംശത്തിൽ**

B) തമ്മിൽ ശണ്ഠയിടുന്നതിൽ.

C) കല്പനകൾ അനുസരിക്കാതെ.

D) സഹോദരനെ സ്നേഹിക്കാത്തതിനാൽ.

**42) പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ സംബന്ധിച്ച് തെറ്റായ പ്രസ്താവന ഏത്?**

**A) ഡിഗ്രിപഠനം കഴിഞ്ഞ ഉടനെ അദ്ദേഹം എത്യോപ്യയിൽ അധ്യാപകനായി പോയി.**

B) എത്യോപ്യയിലെ അംഹാറിക് ഭാഷയ്ക്കുവേണ്ടി ഗ്രാമർ തയ്യാറാക്കിയത് ഇദ്ദേഹമായിരുന്നു.

C) എത്യോപ്യൻ ചക്രവർത്തിയായ ഹെയ്‌ലി സെലാസ് ഇദ്ദേഹത്തെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചു.

D) നിസായിലെ ഗ്രിഗോറിയോസിനെക്കുറിച്ചുള്ള പഠനം നടത്തി വേദശാസ്ത്രജ്ഞന്മാരുടെ മുൻനിരയിൽ എത്തി.

**43) ഗീവർഗീസ് ദ്വിതീയൻ ബാവയെ സംബന്ധിച്ച ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.**

**i. മലങ്കരയിലെ കാതോലിക്കാസിംഹാസന സ്ഥാപനത്തിന് ഏതാനും ദിവസം മുമ്പാണ് ഇദ്ദേഹം മെത്രാൻ ആയത്.**

**ii. ഇദ്ദേഹം കല്ലാശ്ശേരി ബാവാ എന്നും അറിയപ്പെട്ടു.**

**iii. പ.വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്ത അതേ വർഷം ഇദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആക്കി.**

**iv. 35 വർഷം കാതോലിക്കായും അതിൽ 30 വർഷം മലങ്കര മെത്രാപ്പോലീത്തായും ആയിരുന്നു ഇദ്ദേഹം.**

A) (i), (ii), (iii), (iv)

B) (ii), (iii), (iv)

C) (ii), (iii)

D) (ii), (iv)

**44) ''ഞാനഞ്ചുന്നെൻ പാപത്താൽ'' എന്നാരംഭിക്കുന്ന ഗീതം അവസാനിക്കുന്നതെങ്ങനെ?**

**A) തിരുഹിതമാം സ്ഥാനേ**

B) പാപം രോധിക്കല്ലേ

C) ഹിതമൊത്താ ദിക്കിൽ

D) നൽവരമേകി സന്തോഷിപ്പിക്ക

**45) യുഗാന്ത്യവും ഉയിർപ്പും സംബന്ധിച്ച ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.**

**i. രണ്ടാമത്തെ വരവിലെ പ്രധാന സംഭവമാണ് മരിച്ചവരുടെ പുനരുത്ഥാനം.**

**ii. ഇന്നത്തേതിൽനിന്നും വ്യത്യസ്തമായ ശരീരവും ജീവിതവുമാണ് ഉയിർപ്പിനുശേഷം ലഭിക്കുന്നത്.**

**iii. സ്വർഗത്തിലെ ജീവിതത്തിന്റെ പ്രത്യേകത നിത്യമായ ആരാധനയാണ്.**

**iv. സ്വർഗത്തിലെ ജീവിതം ദൈവത്തെ കേന്ദ്രീകരിച്ചായിരിക്കും.**

A) (i), (ii), (iii), (iv)

B) (ii), (iii), (iv)

C) (ii), (iv)

D) (i), (iii)

**46) 'അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് അവരെ പറഞ്ഞയച്ചു.' ആരുടെ പട്ടംകൊടയാണ് ഇവിടെ പറയുന്നത്?**

**<u>A) ബർന്നബാസ്, പൗലോസ്</u>**

B) ഏഴു ശെമ്മാശന്മാർ

C) മത്ഥിയാസിനെയും സഹപ്രവർത്തകരെയും

D) ബർന്നബാസ്, ശീലാസ്

**47) 'ഈ വിശുദ്ധതകൾ വിശുദ്ധന്മാർക്കും വെടിപ്പുള്ളവർക്കും മാത്രം നൽകപ്പെടുന്നു.' വി. കുർബാനയിൽ ഇത് എപ്പോഴാണ് പറയുന്നത്?**

**<u>A) തിരുശരീര രക്തങ്ങൾ ഉയർത്തി ആഘോഷിക്കുമ്പോൾ.</u>**

B) തിരുശരീര രക്തങ്ങൾ പടിഞ്ഞാട്ടു കൊണ്ടുവരുമ്പോൾ.

C) തിരുശരീര രക്തങ്ങൾ വിശ്വാസികൾക്കു നൽകുമ്പോൾ.

D) വി. കുർബാന സ്ഥാപനത്തിന്റെ സ്മരണയുടെ സമയത്ത്.

**48) സേവേറിയോസിന്റെ മാനീസായിൽ (നിൻ മാതാവു...) സ്മരിക്കാത്ത ആശയം തെരഞ്ഞെടുക്കുക.**

**<u>A) കർത്താവിന്റെ സ്വർഗാരോഹണം.</u>**

B) കന്യകമറിയാം വിശുദ്ധിയും മഹത്വവും വെടിപ്പും ഉള്ളവൾ.

C) തന്റെ മരണത്താൽ യേശുക്രിസ്തു നമ്മുടെ മരണത്തെ ഇല്ലാതാക്കി.

D) ഇവിടെ പറയുന്ന എല്ലാ ആശയങ്ങളും മാനീസായിൽ ഉണ്ട്.

**49) മാർത്തോമായുടെ സിംഹാസനം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?**

**<u>A) മാർത്തോമ്മൻ പൈതൃകവും അധികാരവും.</u>**

B) കാതോലിക്കാ ബാവായുടെ സിംഹാസനം.

C) മാർത്തോമാശ്ലീഹാ സ്ഥാപിച്ച പള്ളികൾ.

D) സത്യവിശ്വാസ സംരക്ഷണം.

**50) നവീകരണ തത്വങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

**<u>A) സഭയുടെ പാരമ്പര്യവും വേദപുസ്തകവുമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം.</u>**

B) തിരുവത്താഴവും സ്നാനവും മാത്രമാണ് കൂദാശകൾ.

C) പരിശുദ്ധന്മാരോടുള്ള സംസർഗവും പ്രാർത്ഥനയും അർത്ഥശൂന്യമാണ്.

D) പ്രത്യേക പൗരോഹിത്യത്തിനു സാംഗത്യമില്ല.